ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ മംഗോളിയൻ പ്രസിഡൻറ് ഖുറേൽസുഖ് ഉഖ്ന ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തും.

   **President of Mongolia Khurelsukh Ukhnaa will hold talks with Prime Minister Narendra Modi today.**

2. ഗാസയിൽ കഴിഞ്ഞ രണ്ടു വർഷമായി തുടരുന്ന യുദ്ധം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ചരിത്രപ്രധാനമായ പ്രഖ്യാപനം ഈജിപ്റ്റിൽ ഒപ്പുവെച്ചു.

   **The historic declaration ending two years of war in Gaza was signed.**

3. ഐക്യരാഷ്ട്ര സഭയ്ക്ക് സേനകളെ സംഭാവന ചെയ്യുന്ന രാജ്യങ്ങളുടെ കോൺക്ലേവ് ഇന്ന് ന്യൂഡെൽഹിയിൽ ആരംഭിക്കും.

   **The Indian Army will host the United Nations Troop Contributing Countries' (UNTCC) Chiefs' Conclave in New Delhi, beginning today.**

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാനുള്ള സമയം ഇന്ന് അവസാനിക്കും.

   **Date for registering in Local body election voters list ends today.**

5. ഇലക്ട്രോണിക് ചെല്ലാൻ കം റിട്ടേൺ - ഇ സി ആർ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 22 വരെ നീട്ടിയതായി ഇ പി എഫ് ഒ.

**The Employees' Provident Fund Organisation (EPFO) has extended the date for filing the new Electronic Challan-cum-Return.**

6. **വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും.**

**In Test Cricket, India resumes second innings against West Indees today.**

**&&&&&&&&&&&&&&**

## PREZ MONGOLIA – INDIA

ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ മംഗോളിയൻ പ്രസിഡൻറ് ഖുറേൽസുഖ് ഉഖ്ന ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തും. ഇരുരാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി ബന്ധം സംബന്ധിച്ച നിർണായക ചർച്ചകൾ സന്ദർശനത്തിന്റെ ഭാഗമായി നടക്കും. ചർച്ചകൾക്ക് ശേഷം നിരവധി ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചേക്കും. തുടർന്ന് വൈകിട്ട് ഖുറേൽസുഖ് ഉഖ്ന രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിക്കും. നാല് ദിവസത്തെ സന്ദർശത്തിനായി ഇന്നലെയാണ് മംഗോളിയൻ പ്രസിഡന്റ് ഡൽഹിയിലെത്തിയത്. മന്ത്രിമാരും ജനപ്രതിനിധികളും അടങ്ങുന്ന ഉന്നതതല സംഘവും അദ്ദേഹത്തിനൊപ്പമുണ്ട്.

**&&&&&&&&&&&&&&**

## TRUMP PEACE DEAL –OVERALL (INTRO)

ഗാസയിൽ കഴിഞ്ഞ രണ്ടു വർഷമായി തുടരുന്ന യുദ്ധം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ചരിത്രപ്രധാനമായ പ്രഖ്യാപനം ഇന്നലെ ഒപ്പുവെച്ചു. യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ്, ഈജിപ്ത്, തുർക്കി രാഷ്ട്രത്തലവൻമാർ ഖത്തർ അമീർ എന്നിവരാണ് പ്രഖ്യാപനത്തിൽ ഒപ്പുവെച്ചത്. **വിശദാംശങ്ങളിലേക്ക്.....**
(വോയിസ്)

## TRUMP PEACE DEAL –OVERALL (VOICE)

ഈജിപ്തിലെ ഷാർമൽ ഷെയ്ഖ് നഗരത്തിൽ നടന്ന സമാധാന ഉച്ചകോടിയുടെ ഭാഗമായിയാണ് ഉടമ്പടി ഒപ്പുവെക്കുന്ന ചടങ്ങ് നടന്നത്. യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് മുന്നോട്ട് വെച്ച സമാധാന പദ്ധതിയുടെ പ്രധാന ഘടകമാണിത്. ലോകത്തിനും മധ്യ പൂർവ്വേഷ്യയ്ക്കും മഹത്തായൊരു ദിവസം എന്നാണ് യു എസ് പ്രസിഡന്റ് ഉടമ്പടിയെ വിശേഷിപ്പിച്ചത്. ഗാസയിലെ യുദ്ധം അവസാനിച്ചുവെന്നും മാനുഷിക സഹായം കൂടി എത്തിച്ചേരണമെന്നും അദ്ദേഹം പറഞ്ഞു. ഈജിപ്ത് പ്രസിഡന്റ് അബ്ദുൽ ഫത്ത അൽസിസി ഈ ഘട്ടം ചരിത്രപ്രധാനമായ വഴിത്തിരിവാണെന്ന് പറഞ്ഞു. വേദനാജനകമായ ഒരു അധ്യായം അവസാനിക്കുകയും സമാധാനത്തിൻറെ പുതിയ കാലഘട്ടം ആരംഭിക്കുകയും ചെയ്യുകയാണ് അദ്ദേഹം അഭിപ്രായപ്പെട്ടു. സമ്മേളനത്തിന് മുന്നോടിയായി യു എസ് പ്രസിഡന്റ് ട്രംപ് ഇസ്രായേൽ പാർലമെന്റിനെ അഭിസംബോധന ചെയ്തിരുന്നു. തുടർന്ന് അദ്ദേഹം ഈജിപ്തിലേക്ക് എത്തി പ്രസിഡന്റ് അൽ-സിസിയോടൊപ്പം സംയുക്തമായി ഉച്ചകോടിക്ക് നേതൃത്വം നൽകി. 30-ലധികം രാജ്യങ്ങളും അന്താരാഷ്ട്ര സംഘടനകളും ഉച്ചകോടിയിൽ പങ്കെടുത്തു. ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ഇന്ത്യ, കാനഡ, സൗദി അറേബ്യ, യൂറോപ്യൻ യൂണിയൻ, യു.എ.ഇ എന്നിവ ഇതിൽ ഉൾപ്പെടുന്നു.
ന്യൂസ് ഡെസ്ക്, ആകാശവാണി.....

&&&&&&&&&&&&&&&

## PM – TRUMP

ഗാസയിൽ അവശേഷിച്ചിരുന്ന ബന്ദികളെയും ഇസ്രായേലിന് കൈമാറിയ ഹമാസിന്റെ നടപടിയെ സ്വാഗതം ചെയ്ത് ഇന്ത്യ. ബന്ദികളുടെ കുടുംബങ്ങളുടെ ധൈര്യത്തിനും, യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ സമാധാന ശ്രമങ്ങൾക്കും, പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ നിശ്ചയദാർഢ്യത്തിനുമുള്ള ആദരസൂചകമാണ് ഈ മോചനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. മേഖലയിൽ സമാധാനം സ്ഥാപിക്കാനുള്ള യു എസ് പ്രസിഡന്റിന്റെ ആത്മാർത്ഥമായ

ശ്രമങ്ങൾക്കും പ്രധാനമന്ത്രി പിന്തുണ അറിയിച്ചു. രണ്ട് വർഷത്തിലേറെ തടവറയിലായിരുന്ന 20 ബന്ദികളെയാണ് ഇന്നലെ ഹമാസ് കൈമാറിയത്. ഹമാസിന്റെ ഈ നടപടി മദ്ധ്യപൂർവദേശത്തിന്റെ പുതിയ പുലരി എന്നാണ് ഇസ്രായേലി പാർലമെന്റിൽ നടത്തിയ പ്രസംഗത്തിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് വിശേഷിപ്പിച്ചത്.

&&&&&&&&&&&&&&

## EC- EVM- VVPAT

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ടത്തിനായുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെയും വിവിപാറ്റുകളുടെയും ആദ്യ ഘട്ട പരിശോധന പൂർത്തിയായി. ദേശീയ, സംസ്ഥാന അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിലാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയതെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു. ഇ.വി.എമ്മുകളുടെയും വി.വി.പാറ്റുകളുടെയും മണ്ഡലം തിരിച്ചുള്ള പട്ടിക എല്ലാ ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികൾക്കും ലഭ്യമാക്കിയതായും കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&

## RAJNATH SINGH - CONCLAVE

ഐക്യരാഷ്ട്ര സഭയ്ക്ക് സേനകളെ സംഭാവന ചെയ്യുന്ന രാജ്യങ്ങളുടെ കോൺക്ലേവ് ഇന്ന് ന്യൂഡെൽഹിയിൽ ആരംഭിക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യും. 32 രാജ്യങ്ങളിൽ നിന്നുള്ള മുതിർന്ന സൈനിക ഉദ്യോഗസ്ഥർ കോൺക്ലേവിൽ പങ്കെടുക്കും. പ്രവർത്തന സംബന്ധിയായ വെല്ലുവിളികൾ, സമാധാന പാലനത്തിനായി ഭാവിയിൽ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയവ ചർച്ച ചെയ്യും. ഐക്യരാഷ്ട്ര സമാധാന പരിപാലന സേനയുടെ

പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തീരുമാനമെടുക്കുന്നതിൽ നിർണായകമായ വേദിയാണ് ഈ കോൺക്ലേവ്.

&&&&&&&&&&&&&&

## EPFO-DATE EXTENSION

ഇലക്ട്രോണിക് ചെല്ലാൻ കം റിട്ടേൺ - ഇ സി ആർ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 22 വരെ നീട്ടിയതായി ഇ പി എഫ് ഒ അറിയിച്ചു. ഇ പി എഫ് ഒ പോർട്ടലിലൂടെ റിട്ടേൺ സമർപ്പണം കൂടുതൽ ലളിതമാക്കുന്നതിനാണ് ഇ - ചെലാൻ സംവിധാനം നടപ്പാക്കുന്നത്. പുതിയ ഇ സി ആർ സംവിധാനവുമായി ബന്ധപ്പെട്ട് തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനാലാണ് തീയതി നീട്ടിയതെന്നും ഇ.പി.എഫ്.ഒ അറിയിച്ചു.

&&&&&&&&&&&&&&

## CBT

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലെ 13 സങ്കീർണ നിയമങ്ങൾ ഏകീകരിച്ച്, തുക പിൻവലിക്കൽ വ്യവസ്ഥകൾ ലളിതമാക്കി. ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി ഡോ.മൻസുഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ ചേർന്ന CBT 238 -ാം യോഗത്തിലാണ് തീരുമാനം.

&&&&&&&&&&&&&&

## GST REFORMS- MIZORAM

കേന്ദ്രസർക്കാർ നടപ്പാക്കിയ ജിഎസ്.ടി പരിഷ്കരണം മിസോറാമിലെ വിവിധ വ്യവസായങ്ങൾക്ക് ഏറെ ഗുണകരമാകുമെന്ന് വിലയിരുത്തൽ. മിസോറാമിലെ വിനോദ സഞ്ചാരം, കരകൗശല വിദഗ്ദ്ധർ, കർഷകർ തുടങ്ങിയവർക്കാണ് ഇതിന്റെ പ്രയോജനം കൂടുതൽ ലഭിക്കുന്നത്. ഇതിനു പുറമെ പരാമ്പരാഗത തദ്ദേശീയ

ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ജി എസ് ടി പരിഷ്കരണം ഉപകരിക്കും. സംസ്കരിച്ച മിസോ മുളക്, മഞ്ഞൾ, ഇഞ്ചി, മുള ഉത്പന്നങ്ങൾ തുടങ്ങിയവയുടെ ജി എസ് ടി 18 ശതമാനത്തിൽ നിന്ന് 5 ശതമാനം ആക്കി. 7,500 രൂപ വരെ ഈടാക്കുന്ന താമസ സ്ഥലങ്ങളുടെ ജി എസ് ടി നിരക്ക് 5 ശതമാനമായി കുറച്ചത് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ ഗുണകരമാകുമെന്നാണ് വിലയിരുത്തൽ.

**&&&&&&&&&&&&&&**

## CPI-SEPTEMBER

രാജ്യത്തെ റീട്ടെയിൽ പണപ്പെരുപ്പം ഈ സെപ്റ്റംബറിൽ എട്ട് വർഷത്തെ ഏറ്റവും താഴ്ന്ന നിരക്കായ 1.54 ശതമാനമായി കുറഞ്ഞു. 2025 ഓഗസ്റ്റിൽ ഇത് 2.07 ശതമാനമായിരുന്നു. 2017 ജൂണിന് ശേഷമുള്ള ഏറ്റവും കുറഞ്ഞ വാർഷിക പണപ്പെരുപ്പ നിരക്കാണിതെന്ന് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു. അനുകൂലസാഹചര്യങ്ങളും പച്ചക്കറികൾ, എണ്ണ, പഴങ്ങൾ, പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവയുടെ വിലയിലുണ്ടായ ഇടിവുമാണ് കുറവിന് കാരണമായി കണക്കാക്കുന്നത്.

**&&&&&&&&&&&&&&**

## DEEPAVALI - CRACKERS

പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആഘോഷ വേളകളിൽ ഹരിത പടക്കങ്ങൾ മാത്രമേ വിൽക്കുവാനും ഉപയോഗിക്കുവാനും പാടുള്ളൂ എന്ന് സംസ്ഥാന സർക്കാർ. ദീപാവലിക്ക് ഹരിത പടക്കങ്ങൾ ഉപയോഗിക്കാനുള്ള സമയം രാത്രി 8 മണിക്കും 10 മണിക്കും ഇടയിലുള്ള 2 മണിക്കൂറായി നിജപ്പെടുത്തി. കൂടാതെ, ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ നിശബ്ദ

മേഖലകളുടെ 100 മീറ്ററിനുള്ളിൽ ശബ്ദമുണ്ടാക്കുന്ന പടക്കങ്ങൾ പൊട്ടിക്കുവാൻ പാടില്ലെന്നും ഉത്തരവിൽ കർശനമായി നിർദ്ദേശിക്കുന്നു.

&&&&&&&&&&&&&&

## CIVIL AVIATION MINISTER

ഫെയർ സെ ഫുർസത്ത് സംരംഭത്തിന് കേന്ദ്ര വ്യോമയാന മന്ത്രി രാംമോഹൻ നായിഡു കിഞ്ചരാപ്പു തുടക്കം കുറിച്ചു. വിമാനയാത്രാ നിരക്കിൽ അടിക്കടിയുണ്ടാകുന്ന വ്യത്യാസങ്ങൾ യാത്രകാർക്ക് ഉണ്ടാക്കുന്ന പ്രതിസന്ധി പരിഹരിക്കുകയാണ് ലക്ഷ്യം. പ്രാദേശിക വിമാനയാത്ര കൂടുതൽ ലളിതമാക്കുന്നതിനാണ് ഊന്നൽ

നൽകുന്നത്.

&&&&&&&&&&&&&&

## CLEAN TOILET PICTURE

'സ്പെഷ്യൽ ക്യാമ്പെയ്ൻ 5.0' യ്ക്ക് കീഴിൽ 'ക്ലീൻ ടോയ്‌ലറ്റ് പിക്ചർ ചലഞ്ച്' ആരംഭിച്ച് ദേശീയപാത അതോറിറ്റി. ഇതിലൂടെ ദേശീയപാത ഉപയോക്താക്കൾക്ക് വൃത്തിഹീനമായ ശൗചാലയങ്ങൾ റിപ്പോർട്ട് ചെയ്യാനും പാരിതോഷികം നേടാനും അവസരം ലഭിക്കും. ദേശീയപാതയിലെ ടോൾ പ്ലാസകളിലെ വൃത്തിഹീനമായ ശൗചാലയങ്ങൾ റിപ്പോർട്ട് ചെയ്യാൻ ഹൈവേ ഉപയോക്താക്കളെ ഇത് പ്രോത്സാഹിപ്പിക്കുന്നു. ശുചിത്വവും ആരോഗ്യകരമായ സൗകര്യങ്ങളും ഉറപ്പാക്കുന്നതിന് അത്തരം റിപ്പോർട്ടുകൾക്ക് പാരിതോഷികം നല്കും. 'രാജ്മാർഗയാത്ര' ആപ്പിൻ്റെ ഏറ്റവും പുതിയ പതിപ്പിലൂടെ ജിയോ-ടാഗ് ചെയ്ത ചിത്രങ്ങൾ അപ്‌ലോഡ് ചെയ്ത് ഉപയോക്താവിൻ്റെ പേര്, സ്ഥലം, വാഹന രജിസ്ട്രേഷൻ നമ്പർ, മൊബൈൽ നമ്പർ തുടങ്ങിയ വിശദാംശങ്ങൾ നല്കി വൃത്തിഹീനമായ ശൗചാലയങ്ങൾ

റിപ്പോർട്ട് ചെയ്യാവുന്നതാണ്.

&&&&&&&&&&&&&&

## CM PRESS MEET

സംസ്ഥാന വികസനത്തിനായി നവ കേരള വികസന ക്ഷേമ പഠന പരിപാടി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സന്നദ്ധ സേനാഗംങ്ങൾ ജനങ്ങൾക്ക് അരികിലെത്തി നടത്തുന്ന ഈ പഠനം ജനങ്ങളുടെ ആവശ്യവും പ്രതിസന്ധികളും ആഴത്തിൽ മനസ്സിലാക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ജനങ്ങൾക്ക് പറയാനുള്ളതെല്ലാം സൂക്ഷ്മാംശത്തിൽ കേട്ട ശേഷം സമഗ്രമായ പഠന റിപ്പോർട്ട് തയ്യാറാക്കും. അത് ക്രോഡീകരിച്ചും അപഗ്രഥിച്ചും വരുംകാലത്തേക്കുള്ള നാടിൻറെ പുരോഗതി എങ്ങനെ ആകണം എന്ന രൂപരേഖ ഉണ്ടാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മുനമ്പം വിഷയത്തിൽ സർക്കാർ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻറെ റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ മന്ത്രിസഭ ചർച്ച ചെയ്ത് തീരുമാനിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. റിപ്പോർട്ടിൻമേൽ തുടർനടപടി സ്വീകരിക്കാൻ ഹൈക്കോടതി അനുമതി നൽകിയ സാഹചര്യത്തിലാണ് തീരുമാനം.

&&&&&&&&&&&&&&

## CM – GULF VISIT

ഗൾഫ് രാജ്യങ്ങളിലെ സന്ദർശനത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് നിന്ന് യാത്ര തിരിക്കും. ബഹ്റിൻ, ഒമാൻ, ഖത്തർ, കുവൈത്ത്, UAE എന്നീ രാജ്യങ്ങളാണ് മുഖ്യമന്ത്രി സന്ദർശിക്കുന്നത്.

&&&&&&&&&&&&&&

## VOTERS LIST

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാനുള്ള സമയം ഇന്ന് അവസാനിക്കും. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ട വോട്ടർമാർക്കും പുതുതായി പേര്

ചേർക്കുന്നവർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകും. അന്തിമ വോട്ടർപട്ടിക ഈ മാസം 25 ന് പ്രസിദ്ധീകരിക്കും. പ്രവാസി വോട്ടർമാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാനും അവസരമുണ്ട്. sec.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്.

&&&&&&&&&&&&&&

## KANNUR – ARALAM (INTRO)

കണ്ണൂർ ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളിൽ നടത്തിയ തുമ്പികളുടെ സർവ്വെയിൽ ഏഴ് പുതിയ ഇനങ്ങളെ കണ്ടെത്തി. ആറളം വൈൽഡ്ലൈഫ് ഡിവിഷന്റെ നേതൃത്വത്തിൽ വിവിധ പരിസ്ഥിതി സംഘടനകളുടെ സഹകരണത്തോടെയാണ് മൂന്ന് ദിവസത്തെ

സർവ്വേ നടത്തിയത്.

വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....

(വോയിസ്)

&&&&&&&&&&&&&&

## TEST CRICKET – IND VS WI

ന്യൂഡെൽഹിയിൽ വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും. ഇന്ത്യക്ക് ഇനി വിജയത്തിനായി വേണ്ടത് 58 റൺസ് മാത്രമാണ്. 121 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ നാലാം ദിനം മത്സരം അവസാനിക്കുമ്പോൾ 1 വിക്കറ്റിന് 63 റൺസ് നേടിയിട്ടുണ്ട്. വിൻഡീസിന്റെ രണ്ടാം ഇന്നിങ്സ് 390 റൺസിന് അവസാനിച്ചിരുന്നു.

&&&&&&&&&&&&&&

## DENMARK OPEN-BADMINTON

ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഇന്ന് ഇന്ത്യയുടെ സായ് പ്രതീകും പി.കെ റോയിയും ചൈനീസ് തായ്പേയ് സഖ്യത്തെ നേരിടും. പുരുഷ സിംഗിൾസിൽ ആയുഷ് ഷെട്ടിയും വനിതാ സിംഗിൾസിൽ അൻമോൽ ഖർബും ഇന്ത്യക്കായി ഇന്ന് കളത്തിലിറങ്ങും. പുരുഷ ഡബിൾസിൽ നാളെ സാത്വിക് സായ് രാജ് രങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം സ്കോട്ട്ലന്റ് സഖ്യത്തെ എതിരിടും.

&&&&&&&&&&&&&&

&&&&&&&&&

&&&